# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 03/23 (207th) Meeting of the Syndicate held on 18.05.2023 at 11.00 am at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ. പി.വി. രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. പി. ശിവദാസൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ശ്രീ. എൻ. ആദിൽ, സിൻഡിക്കേറ്റംഗം, വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
10. ശ്രീ. സാജുകുമാർ എൻ, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് - ഒപ്പ്
11. ശ്രീ. പി.വി. ജയൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ഒപ്പ്
12. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
13. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഓൺലൈൻ
14. ഡോ. കെ.എം. അനിൽ, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1
Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രശസ്ത ചലച്ചിത്ര താരവും മുൻ എം. പി യുമായ ശ്രീ. ഇന്നസെന്റ്, പ്രമുഖ ചലച്ചിത്രതാരം ശ്രീ. മാമുക്കോയ, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച ശ്രീ. കെ. വി രാമനാഥൻ, മുൻ നിയമസഭാ സാമാജികയും, മികച്ച പ്രഭാഷക യുമായ പ്രൊഫസർ എ. നബീസ ഉമ്മാൾ, താനൂർ ബോട്ട് അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവർ, കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ വച്ച് നടന്ന ആക്രമണ ത്തിൽ ജീവൻ വെടിഞ്ഞ ഡോ. വന്ദന ദാസ്, കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവർ എന്നിവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

18.03.2023 തീയതിയിലെ 206-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(1) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെ എസ്.എസ്.യു.എസ് സെന്റർ ഫോർ അക്കാദമിക് റൈറ്റിംഗ് (SCAW) 2023 മാർച്ച് 27 മുതൽ 31 വരെ Research to Write, Write to Publish എന്ന വിഷയത്തെ അധികരിച്ച് നടത്തിയ എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പ്രോഗ്രാമിൽ വിഷയ വിദഗ്ധനായി വിയന്നയിലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയിലെ സീനിയർ ലക്ചറർ ആയ ഡോ. സഞ്ജയ് കുമാർ പങ്കെടുത്തു.

(2) ലോക പ്രശസ്ത നർത്തകിയും കലാമണ്ഡലം കൽപ്പിത സർവകലാശാലയുടെ ചാൻസലറുമായ ഡോ. മല്ലിക സാരാഭായി 2023 ഏപ്രിൽ 12 -ാം തീയതി സർവകലാശാലാ സന്ദർശിച്ചു. സർവകലാശാലയുടെ ഉപഹാരം പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി, ഡോ. മല്ലിക സാരാഭായിക്ക് കൈമാറി.

(3) മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിരമിച്ച /വിരമിക്കുന്ന സർവകലാശാലയിലെ അധ്യാപക/അനധ്യാപക ജീവനക്കാരായ ഡോ. എം. എസ് മുരളീധൻ പിള്ള, പ്രൊഫ. വത്സലൻ വി. എ, ഡോ. എ. ഷീലാകുമാരി, ഡോ. ഫ്രാൻസിസ് എ. പി, ഡോ. കെ. ജി അംബിക, ഡോ. എം. മണിമോഹനൻ, ഡോ. ദേവരാജൻ പി.ഐ, ശ്രീമതി. ഷീജാബായി കെ. വി, ശ്രീ സുരേഷ്കുമാർ പി. എന്നിവർക്ക് സർവകലാശാല ഉചിതമായ യാത്രയയപ്പ് നൽകി.

(4) കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ കീഴിലുള്ള ആയുർവേദ കോളേജുകളിലെ സംസ്കൃത അധ്യാപകർക്കായി 7 ദിവസം നീളുന്ന ഓറിയന്റേഷൻ കോഴ്സ് നൽകുന്നതിനും പി.ജി ആയുർവേദ വിദ്യാർത്ഥികൾക്ക് സംസ്കൃത സർവകലാശാല എൽ.എം.എസ് പഠന സംവിധാനത്തിലൂടെ സംസ്കൃത വിഷയത്തിൽ ഓൺലൈൻ കോഴ്സ് നൽകുന്നതിനും പഠന ഗവേഷണ മേഖലയിൽ ഇരു സർവകലാശാലകളും സഹകരിച്ച് പ്രവർത്തിക്കുന്നതിനും 17.04.2023 ൽ ആരോഗ്യ ശാസ്ത്ര സർവകലാശാല പ്രതിനിധികളുമായി കൂടിയ യോഗത്തിൽ തീരുമാനിച്ചു. ഇതോടനുബന്ധിച്ച് വൈസ് ചാൻസലർ, പ്രോവൈസ് ചാൻസലർ, രജിസ്ട്രാർ, പ്രൊഫ. കെ. യമുന, വ്യാകരണ വിഭാഗം അധ്യക്ഷ, ആയുർവേദ വിഭാഗം ഇൻചാർജ്ജ് ഡോ. എം. സത്യൻ എന്നിവർ ആരോഗ്യശാസ്ത്ര സർവകലാശാല 24.03.2023 ന് സന്ദർശിച്ചു. ഇരു സർവകലാശാലകളും തമ്മിൽ ഒരു ധാരണാപത്രം ഒപ്പുവക്കുകയും അത് അന്നേ ദിവസം ആരോഗ്യശാസ്ത്ര സർവകലാശാല വൈസ് ചാൻസലറായ ഡോ. മോഹനൻ കുന്നുമ്മേലിന് കൈമാറുകയും ചെയ്തു.

(5) 09.05.2023 ന് യു.ജി.സി യുടെ നേതൃത്വത്തിൽ പാർലമെന്റ് സെൻട്രൽ ഹാളിൽ സംഘടിപ്പിച്ച ഗുരുദേവ് രബീന്ദ്രനാഥ് ടാഗോർ അനുസ്മരണ പ്രഭാഷണ ചടങ്ങിൽ കേരളത്തെ പ്രതിനിധീകരിച്ച് സർവകലാശാലയിലെ കാലടി മുഖ്യകേന്ദ്രം ഹിന്ദി വിഭാഗം ഗവോഷകയായ കുമാരി. പി. വി. ഐശ്വര്യ കൃഷ്ണൻകുട്ടി പങ്കെടുത്തു. സർവകലാശാലാ ഹിന്ദി വിഭാഗം ഗവേഷകയായ കുമാരി പി. വി. ഐശ്വര്യ കൃഷ്ണൻകുട്ടിക്ക് അഭിനന്ദനങ്ങൾ.

(6) വൈലോപ്പിള്ളി ജയന്തിയോടനുബന്ധിച്ച് വൈലോപ്പിള്ളി സ്മാരക സമിതി നടത്തിയ പ്രബന്ധരചനാ മത്സരത്തിൽ ഏറ്റുമാനൂർ പ്രാദേശിക

കേന്ദ്രത്തിലെ ഗസ്റ്റ് അധ്യാപിക ഡോ. ദിവ്യ എസ്. കേശവൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഡോ. ദിവ്യ എസ്. കേശവന് അഭിനന്ദനങ്ങൾ.

(7) കേരളാ ബുദ്ധിസ്റ്റ് കൗൺസിലിന്റെ പ്രഥമ "കരുമാടിക്കുട്ടൻ" അവാർഡ് ലഭിച്ച ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അജയ് എസ്. ശേഖറിനെ അഭിനന്ദിക്കുന്നു.

(8) വൈക്കം സത്യാഗ്രഹത്തിന്റെ 100-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ സർവകലാശാലയിൽ ഒരു സെമിനാർ സംഘടിപ്പിക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സർവകലാശാലയിലെ മലയാളം, ഹിസ്റ്ററി വിഭാഗാധ്യക്ഷർ, ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ അജയ് എസ് ശേഖർ, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. മ്യൂസ് മേരി ജോർജ്ജ്, എഡിറ്റർ, എഡിറ്റോറിയൽ അസിസ്റ്റന്റ് എന്നിവരുടെ ഒരു സംയുക്ത യോഗം പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മിയുടെ അധ്യക്ഷതയിൽ 2023 മെയ് മാസം 10 -ാം തീയതി ബുധനാഴ്ച സർവകലാശാലാ ആസ്ഥാനത്ത് വച്ച് നടന്നു. രണ്ട് ദിവസത്തെ സെമിനാർ സർവകലാശാലയിൽ നടത്തുന്നതിന് തീരുമാനമെടുത്തു.

(9) സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള 100 ദിന കർമ്മ പദ്ധതികളുടെ സർവകലാശാലാതല ഉദ്ഘാടനവും എസ്.എസ്. യു. എസ് സെന്റർ ഫോർ അക്കാദമിക് റൈറ്റിംഗ്, കൂടിയാട്ടം ഡിജിറ്റലൈസേഷൻ പദ്ധതി, ക്രീയേറ്റീവ് ലിറ്ററേച്ചർ ഡവലപ്മെന്റ് ഇൻ സാൻസ്ക്രിറ്റ്, കേരള നോളജ് സീരീസിലുള്ള പുസ്തകങ്ങളുടെ പ്രസാധനം എന്നീ പദ്ധതികളുടെ ഉദ്ഘാടനവും 2023 മെയ് 12 -ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 ന് സർവ്വകലാശാലാ മുഖ്യ കാമ്പസിലെ കൂത്തമ്പലത്തിൽ വച്ച് ബഹു. ഉന്നത വിദ്യാഭ്യാസ - സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രോ-വൈസ്-ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ആമുഖ പ്രഭാഷണവും, സിൻഡിക്കേറ്റ് അംഗം പ്രൊഫ. ഡി. സലിംകുമാർ ആശംസാ പ്രസംഗവും നടത്തുകയുണ്ടായി.

(10) സർവകലാശാലയിലെ 2023 വർഷത്തെ ശ്രീ ശങ്കരജയന്തി ആഘോഷം ഒന്നാം ഘട്ടം മെയ് മാസത്തിലും രണ്ടാം ഘട്ടം ഓഗസ്റ്റ് / സെപ്റ്റംബർ മാസങ്ങളിലും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഘട്ട ആഘോഷം 19.05.2023 ന് ഡൽഹിയിലെ ഡോ. ബി. ആർ. അംബേദ്കർ യൂണിവേഴ്സിറ്റി റിട്ടയേഡ് പ്രൊഫസറും സ്കൂൾ ഓഫ് ആർട്ട് ആന്റ് ക്രീയേറ്റീവ് എക്സ്പ്രഷൻസ് ഡീനുമായ പ്രൊഫ. ശിവജി കെ. പണിക്കരുടെ മുഖ്യ പ്രഭാഷണത്തോടെ ആരംഭിക്കും.

(11) സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചു കൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചു കൊള്ളുന്നു.

## Item No. 2

Award of Ph.D Degree

a) Smt. Biniya A.B. in Sanskrit Sahitya [No. EA/PhD/712/SSUS/2021(1)]
b) Smt. Jisha T.V in Sanskrit Vyakarana [No. EA/PhD/637/SSUS/2019(1)]
c) Smt. Praseeda U.V in Malayalam [No. EA/PhD/740/SSUS/2022(1)]
d) Smt. Rehana K.R in English [No. EA/PhD/746/SSUS/2022(1)]
e) Sri. Shabin Varghese in Philosophy [No. EA/PhD/725/SSUS/2022(1)]
f) Smt. Latha. P in Malayalam [No. EA/PhD/761/SSUS/2022(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 04.05.2023, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl.No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Biniya A.B. | Faculty of Sanskrit Literature | 14.03.2023 |
| b) | Smt. Jisha T.V | Faculty of Sanskrit Grammar | 20.02.2023 |
| c) | Smt. Praseeda U.V | Faculty of Indian Languages | 15.03.2023 |

| | | | |
|---|---|---|---|
| d) | Smt. Rehana K.R | Faculty of Foreign Languages | 22.03.2023 |
| e) | Sri. Shabin Varghese | Faculty of Arts and Social Sciences | 19.04.2023 |
| f) | Smt. Latha. P | Faculty of Indian Languages | 11.04.2023 |

a) Smt. Biniya A.B. in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“The Myth of Hayagriva: Religious and Philosophical Implications”** under the guidance of Dr. K.K. Ambika, Professor, Department of Sanskrit Sahitya, SSUS, Kalady.

b) Smt. Jisha T.V. in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Jagannāthapaṇḍitasya Vyākaraṇavaiduṣyaṁ”** under the guidance of Dr. R. Vijayakumar, Professor (Rtd.), Department of Sanskrit Vyakarana, SSUS, Kalady.

c) Smt. Praseeda U.V in Malayalam under the Faculty of Indian Languages for the Ph.D thesis titled **“നവോത്ഥാന ആധുനികതയും പ്രണയഭാവനയും മലയാള നോവലിൽ”,** under the guidance of Dr. Shamshad Hussain K.T., Professor, Department of Malayalam, SSUS, RC, Tirur.

d) Smt. Rehana K.R. in English under the Faculty of Foreign Languages for the Ph.D thesis titled **“Mapping the Cultural Geography of Pathanamthitta: A Subaltern Critique”** under the guidance of Dr. Ajay S. Sekhar, Assistant Professor, Department of English, SSUS, Kalady.

e) Sri. Shabin Varghese in Philosophy under the Faculty of Arts and Social Sciences for the Ph.D thesis titled **“Revisiting Thomas Kuhn’s Concept of Paradigm Shift as an Explanatory Problematic”** under the guidance of Dr. Babu M.N, Assistant Professor, Department of Philosophy.

f) Smt. Latha P. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“ആധുനികാനന്തര മലയാള ചെറുകഥയുടെ ഭാവുകത്വ പരിണാമം”** under the guidance of Dr. M. Krishnan Namboothiri, Professor, Department of Malayalam, SSUS, Kalady.

കൂടാതെ പരീക്ഷാ സ്ഥിരം സമിതിയുടെ താഴെ പറയുന്ന നിരീക്ഷണങ്ങൾ അംഗീകരിക്കാനും തീരുമാനിച്ചു.

1. ഭൂരിഭാഗം Subject Experts ഉം റിപ്പോർട്ടുകൾ എഴുതിയാണ് സമർപ്പിക്കുന്നത്. അതു മാറ്റി അച്ചടിച്ച റിപ്പോർട്ടുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.
2. പി.എച്ച്.ഡി ഗവേഷണ പ്രബന്ധ മൂല്യ നിർണ്ണയത്തിനായി പാനൽ സമർപ്പിക്കുമ്പോൾ അതത് വിഷയത്തിലെ വിദഗ്ധരാണ് പാനലിലുള്ളത് എന്ന് മാർഗ്ഗദർശി ഉറപ്പുവരുത്തേണ്ടതാണ്.

## Item No. 3

നവംബർ 2022 ൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ. സാഹിത്യം സപ്ലിമെന്ററി പരീക്ഷ എഴുതാൻ സാധിക്കാത്തത് - സംബന്ധിച്ച്. (No. EC/9576/SSUS/2020)

14.03.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെയും 04.05.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് 2018 പ്രവേശനം ബി.എ സാഹിത്യ വിഭാഗം വിദ്യാർത്ഥിനി സ്നേഹ ലെനിന് 3-ാം സെമസ്റ്റർ റീഅപ്പിയറൻസ് പരീക്ഷ 2023 ഏപ്രിലിൽ എഴുതുവാൻ അനുമതി നൽകണമെന്ന വിഷയം പ്രത്യേകമായി പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു. മൂന്ന് വർഷ ബിരുദ പ്രോഗ്രാമുകൾ ബാധകമായ റഗുലേഷനിലെ വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് അനുവദിക്കുന്നത് പരിശോധിക്കാൻ പരീക്ഷാ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 4

ഒക്ടോബർ 2017 ൽ നടന്ന 5-ാം സെമസ്റ്റർ ബി.എ. സംസ്കൃതം ജനറൽ പരീക്ഷയിൽ നടന്ന ക്രമക്കേട് - സംബന്ധിച്ച്. (No.EC/4905/SSUS/2018)

14.03.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2017 ഒക്ടോബറിൽ നടന്ന 5-ാം സെമസ്റ്റർ ബി.എ സംസ്കൃതം ജനറൽ പരീക്ഷയിൽ നടന്ന ക്രമക്കേടിനെ തുടർന്ന് ജൻസീർ പി.എസ്, രജേഷ്

എം.എസ് എന്നിവർ തുടർന്നെഴുതിയ അഞ്ചാം സെമസ്റ്റർ റീ അപ്പിയറൻസ് പരീക്ഷയും ആറാം സെമസ്റ്റർ റഗുലറും റീ അപ്പിയറൻസ് പരീക്ഷകളും 179-ാമത് സിൻഡിക്കേറ്റ് തീരുമാന പ്രകാരം റദ്ദാക്കിയ നടപടി സംഭവം നടന്ന് അഞ്ച് വർഷം കഴിഞ്ഞതിനാൽ അത് അവരുടെ ശിക്ഷാകാലാവധിയായി കണക്കാക്കി പുന:പരിശോധിച്ച് ഫലം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.

## Item No.5

2022 റെഗുലേഷൻ പ്രകാരമുള്ള ബി.എ. Odd Semester പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമാവലി - സംബന്ധിച്ച്. (No.18398/EC/ SSUS/2022)

14.03.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2022 റെഗുലേഷൻ പ്രകാരമുള്ള ബി.എ. Odd Semester പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് രൂപീകരിച്ച കമ്മറ്റി 14.12.2022, 17.01.2023, 02.02.2023 എന്നീ തീയതികളിൽ കൂടി സമർപ്പിച്ച ശിപാർശകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 6

BA ആറാം സെമസ്റ്റർ (2020 അഡ്മിഷൻ) സംസ്കൃത വ്യാകരണം, സംസ്കൃത ജനറൽ, ഭരതനാട്യം എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ റീ അപ്പിയർ ചെയ്യുന്നത് - സംബന്ധിച്ച്. (No. 01116/Acd.B3/ SSUS/2023(1))

2020 പ്രവേശനം ബി.എ സംസ്കൃത വ്യാകരണം, സംസ്കൃത ജനറൽ, ഭരതനാട്യം എന്നീ വിഭാഗങ്ങളിലെ ആറാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി സ്പെഷ്യൽ പരീക്ഷ നടത്താൻ തീരുമാനിച്ചു.

## Item No. 7

2016 അഡ്മിഷൻ ബി.എഫ്.എ വിദ്യാർത്ഥി അമൽദീപ് പി - യുടെ 6-ാം സെമസ്റ്റർ ഇന്റേണൽ പുന:സമർപ്പണം- സംബന്ധിച്ച്. (No. 00920/Acd.B2/ SSUS/2023(1))

04.05.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് മാനുഷിക പരിഗണന മുൻനിർത്തി കാലടി മുഖ്യകേന്ദ്രം 2016 പ്രവേശനം ബി.എഫ്.എ വിദ്യാർത്ഥി അമൽദീപ് പി (16KA02PA21) യ്ക്ക് ഓരോ സെമസ്റ്ററിലേയും ഇന്റേണൽ റീ സബ്മിഷന് നിയമാനുസൃതമായ ഫീസിനു പുറമെ 500/- രൂപ പിഴ ഈടാക്കി അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 8

ബി.എഫ്.എ ഇന്റേണൽ റീ-സബ്മിഷൻ-സംബന്ധിച്ച്. (No.00816/Acd.B2/ SSUS/ 2023(1))

04.05.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെയും അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് കാലടി മുഖ്യകേന്ദ്രം 2021 പ്രവേശനം ബി.എഫ്.എ വിദ്യാർത്ഥികളായ അക്ഷയ് കുമാർ കെ.എസ്. (21KA02PA46), ജിതിൻ കൃഷ്ണ (21KA02PA28), ശ്രീരാജ് വി. ആർ (21KA02PA35) എന്നിവർക്ക് 2022 പ്രവേശനം വിദ്യാർത്ഥികളോടൊപ്പം ഒന്നാം സെമസ്റ്റർ ഇന്റേണൽ റീ സബ്മിറ്റ് ചെയ്യുന്നതിന് അനുമതി നൽകുന്നതിനും 2022 പ്രവേശനം വിദ്യാർത്ഥികൾക്ക് ബാധകമായ നിബന്ധന പ്രകാരം ഒന്നാം സെമസ്റ്ററിലെ End Semester Assessment (ESA) എഴുതുന്നതിനും അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 9

എം.എ. പുന:പ്രവേശനം - സംബന്ധിച്ച്. (No. 00961/Acd.B2/SSUS/2023(1))

04.05.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ആരോഗ്യപരമായ കാരണങ്ങളാൽ കോഴ്സ് പൂർത്തിയാക്കാൻ സാധിക്കാത്ത പന്മന പ്രാദേശിക കേന്ദ്രം 2020 അഡ്മിഷൻ എം.എ. ഹിന്ദി

വിദ്യാർത്ഥിനിയായ ഐശ്വര്യ ഒ. സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2022 ബാച്ച് വിദ്യാർത്ഥികൾക്കൊപ്പം മൂന്നാം സെമസ്റ്ററിൽ റീ അഡ്മിഷൻ നൽകി പ്രോഗ്രാം പൂർത്തീകരിക്കാൻ ടിയാൾക്ക് പ്രത്യേകമായി അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 10

ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ ബാധിച്ച് തുടർ ചികിത്സ ഉള്ളതിനാൽ പ്രബന്ധ സമർപ്പണത്തിനായി ഫീസിളവ് നൽകുന്നതിനും സമാന കേസുകളിൽ ഫീസിളവിനുള്ള പൊതുവായ ചട്ടം രൂപീകരിക്കുന്നത് - സംബന്ധിച്ച്. (No.245/Acd.A1/2008/SSUS)

പ്രസ്തുത വിഷയം സിൻഡിക്കേറ്റ് വിശദമായി പരിശോധിച്ച് 28.02.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ താഴെ പറയും പ്രകാരമുള്ള ശിപാർശകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

i. ഇത്തരം കേസുകൾ അപൂർവ്വമായി സംഭവിക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ പൊതുചട്ടം രൂപീകരിക്കേണ്ടതില്ല.

ii. ഇത്തരത്തിലുള്ള കേസുകൾ ഓരോന്നും വ്യത്യസ്തമാകയാൽ കാലതാമസം വരുത്താതെ വ്യക്തിയധിഷ്ഠിതമായി പരിഗണിക്കുക.

## Item No. 11

കോഴ്സ് വർക്ക് പൂർത്തിയാക്കി ഗവേഷണം തുടരാൻ അനുമതി നൽകുന്നത് - സംബന്ധിച്ച്. (No. Acd.A1/17685/SSUS/2019)

04.05.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2019 പി.എച്ച്.ഡി അഡ്മിഷൻ സംസ്കൃതം സാഹിത്യ വിഭാഗം ഗവേഷക അജിഷ കൃഷ്ണൻ 2022 ഡിസംബർ ബാച്ചിനോടൊപ്പം കോഴ്സ് വർക്ക് പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ, ടിയാൾക്ക് അടുത്ത ബാച്ചിനോടൊപ്പം (2023 December) കോഴ്സ് വർക്ക് ചെയ്യുവാൻ പ്രത്യേക അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 12

ബിരുദ കോഴ്സുകളിലേക്കുള്ള ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് - സംബന്ധിച്ച്. (No. Acd.C2/8998/SSUS/2022)

പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അക്കാദമിക് & റിസർച്ച്, സ്റ്റുഡന്റ്സ് വെൽഫെയർ എന്നീ സ്ഥിരം സമിതികളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 13

പി.എച്ച്.ഡി. തീസിസ് മൂല്യനിർണ്ണയത്തിനുള്ള പാനൽ ലിസ്റ്റിൽ പരീക്ഷകരെ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്. (No. EA/Ph.D/772/SSUS/2022)

മാർഗ്ഗദർശി സമർപ്പിക്കുന്ന പി.എച്ച്.ഡി. തീസിസ് മൂല്യനിർണ്ണയത്തിനുള്ള പരീക്ഷകരുടെ പാനൽ ലിസ്റ്റിന്റെ സർട്ടിഫിക്കേഷൻ പേജിൽ താഴെ പറയും പ്രകാരമുള്ള ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

"Certified that the panel is submitted as per the Ph.D regulations of the Sree Sankaracharya University of Sanskrit and the persons included in the above panel of experts for Adjudication of the thesis have not less than 10 years of PG level teaching/research experience. Also certified that they are known for their integrity and judgment and having national/international standing in the subject concerned. The experts included in the panel are not persons related with this University, such as, Teachers, Retired Teachers, Visiting Professors, Faculty of Deans, External Experts of the Final Doctoral Committee and members of Academic Council, Board of Studies and Syndicate.

## Item No. 14

Report of the drug abuse in the campus – Guidelines രൂപീകരിക്കുന്നതും അനുബന്ധ വിഷയങ്ങളും - സംബന്ധിച്ച്. (No. SSC/214/SSUS/2023)

സ്റ്റുഡന്റ്സ് കൗൺസലിംഗ് സെല്ലിന്റെ ഗൈഡ് ലൈൻസ് ഉണ്ടാക്കാൻ സ്റ്റുഡന്റ്സ് വെൽഫെയർ കമ്മറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 15

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ ഉറുദു പഠന വകുപ്പിലെ ഗവേഷണ രംഗത്തെ പ്രശ്നങ്ങൾ - സംബന്ധിച്ച്. (No. Acd.A1/7300/SSUS/2020)

28.03.2023 ൽ കൂടിയ അക്കാദമിക് & റിസർച്ച് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉറുദു വിഭാഗത്തിലെ ഗവേഷണ വിഷയങ്ങൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. ആർ. ശശിധരൻ (കൺവീനർ), ഡോ. ശിവദാസൻ പി., ഡോ. പി. വി. രാമൻകുട്ടി എന്നിവരടങ്ങുന്ന കമ്മീഷനെ ചുമതലപ്പെടുത്താൻ നിയോഗിച്ചു.

## Item No. 16

03.02.2013 തീയതിയിലെ 205-ാമത് സിൻഡിക്കേറ്റ് യോഗത്തിലെ മെയിൻ അജണ്ട ഐറ്റം നമ്പർ 8 – സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നത് - സംബന്ധിച്ച്. (No. Acd.A1/930/SSUS/2014)

പ്രബന്ധ സമർപ്പണ കാലാവധി പുന:പരിശോധിക്കുന്നതിനായി അക്കാദമിക് & റിസർച്ച് കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 17

2009-2015 കാലയളവിൽ പി.എച്ച്.ഡി ക്ക് രജിസ്റ്റർ ചെയ്ത എം.ഫിൽ യോഗ്യതയുള്ള ഗവേഷക വിദ്യാർത്ഥികൾ കോഴ്സ് വർക്കിൽ നിന്നും ഇളവ് നൽകിയത് - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Acd.A1/1035/SSUS/2011)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 18

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബിരുദ – ബിരുദാനന്തര പ്രോഗ്രാമുകളിൽ പ്രവേശനത്തിന് SC/ST വിദ്യാർത്ഥികൾക്ക് തത്തുല്യമായ സംവരണവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നത് - സംബന്ധിച്ച്. (No. 00678/Acd.B2/SSUS/2022(1))

വിശദപഠനത്തിനായി സ്റ്റാഫ് & ലീഗൽ, സ്റ്റുഡന്റ്സ് വെൽഫെയർ എന്നീ സ്ഥിരം സമിതികളുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 19

കാലടി മുഖ്യകേന്ദ്രം - സംസ്കൃത വ്യാകരണ വിഭാഗത്തിൽ മേൽപ്പത്തൂർ നാരായണ ഭട്ടപാദ ദേശീയ ശാസ്ത്ര സദസ്സ് നടത്തിയത് - സാധൂകരണം - സംബന്ധിച്ച്. (No. Acd.C1/667/SSUS/2023)

കാലടി മുഖ്യകേന്ദ്രം - സംസ്കൃത വ്യാകരണ വിഭാഗത്തിൽ മേൽപ്പത്തൂർ നാരായണ ഭട്ടപാദ ദേശീയ ശാസ്ത്ര സദസ്സ് നടത്തുന്നതിന് അസിസ്റ്റന്റ് പ്രൊഫസർ ഡോ. രൂപ വി. യ്ക്ക് അനുമതി നൽകുകയും പ്രസ്തുത പ്രോഗ്രാമിന്റെ ചെലവ് 2,00,000/- രൂപയിൽ പരിമിതപ്പെടുത്തി അംഗീകരിച്ച് ടി തുകയുടെ 75% തുകയായ 1,50,000/- രൂപ മുൻകൂറായി അനുവദിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 20

അക്കാദമിക് വിഭാഗം - ദാക്ഷായണി വേലായുധൻ സെന്റർ ഫോർ വുമൺ സ്റ്റഡീസ് (DVCWS) – വനിതാദിന പ്രോഗ്രാം നടത്തിയത് - സംബന്ധിച്ച്. (No. Acd.C1/2087/SSUS/2023)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 21

അക്കാദമിക് വിഭാഗം - കംപാരറ്റീവ് ലിറ്ററേച്ചർ വിഭാഗം - ശില്പശാലയുടെ കോ-ഓർഡിനേറ്ററെ മാറ്റിയത് - സംബന്ധിച്ച്. (No. Acd.C1/2091/SSUS/2023)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 22

മെറിറ്റ് സ്കോളർഷിപ്പ് 2021 അനുവദിച്ച് ഉത്തരവായത് - സിൻഡിക്കേറ്റ് സാധൂകരണത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Acd.C2/15106/2021/SSUS)

2021ൽ പ്രവേശനം ലഭിച്ച 312 വിദ്യാർത്ഥികൾക്ക് സർവകലാശാല മെറിറ്റ് സ്കോളർഷിപ്പ് അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 23

2022 പ്രവേശനം - ശ്രീ ശങ്കരാചാര്യ സംസ്കൃത സ്കോളർഷിപ്പ് നൽകുന്നത്- സംബന്ധിച്ച്. (No. Acd.C2/17466/SSUS/2022)

2022-23 അധ്യയന വർഷത്തിൽ സംസ്കൃതം ഐച്ഛിക വിഷയമായി എടുത്ത് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സമർപ്പിച്ച 216 വിദ്യാർത്ഥികൾക്ക് ശ്രീ ശങ്കരാചാര്യ സംസ്കൃത സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സമർപ്പിച്ച കരട് പട്ടിക അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 24

സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ ഹർഷൻ എസ് -ന് കേരള രാജ് ഭവനിൽ അന്യത്ര സേവനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനായി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കൽ - സിൻഡിക്കേറ്റ് സാധൂകരണത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. [No. 00981/Ad.C1/SSUS/2023(2)]

അന്യത്ര സേവന വ്യവസ്ഥയിൽ കേരള രാജ് ഭവനിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി സർവകലാശാല സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ ഹർഷൻ എസ് -ന് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 25

സർവകലാശാല ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി അംഗത്വത്തിനുള്ള പ്രതിമാസ പ്രീമിയം തുക 500/- രൂപ എല്ലാ ജീവനക്കാരുടെയും ശമ്പളത്തിൽ നിന്നും പെൻഷണേഴ്സിന്റെ പെൻഷനിൽ നിന്നും ഈടാക്കിയത് - സംബന്ധിച്ച്. (No. Ad.C/5960/SSUS/2018)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 26

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലാസ് IV തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. സുനിൽ കുമാർ എ. യ്ക്ക് പി.ടി.എസ് തസ്തികയിൽ സ്ഥിരം നിയമനം നൽകുന്നത് - സംബന്ധിച്ച്. (No. Ad.D/2139/SSUS/2021)

സർക്കാരിന്റെ അംഗീകാരത്തോടെയാണ് നിയമനം നടത്തേണ്ടതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഫിനാൻസ് വകുപ്പ് എന്നിവയെ പ്രതിനിധീകരിക്കുന്ന സിൻഡിക്കേറ്റിലെ സർക്കാർ പ്രതിനിധികൾ അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച തുടർ നടപടികൾ സർവകലാശാല സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

## Item No. 27

Placement of teachers to the Post of Assistant Professor with higher AGP in the Department of Philosophy – Modification of Syndicate decision - reporting of – reg. (No. Ad.D/8303/CAS-Philosophy/SSUS/2015)

Noted the report.

## Item No. 28

സർവകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തൽ - റിപ്പോർട്ട് സംബന്ധിച്ച്. (No. 3231/Fin&Accounts/SSUS/2022)

റിപ്പോർട്ട് ശ്രദ്ധിച്ചു

## Item No. 29

സർവകലാശാല മുഖ്യകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഹോസ്റ്റലുകളിൽ Velcrow Mosquito Net സ്ഥാപിക്കുന്ന പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ട് കരാറുകാരന് ബിൽ തുക അനുവദിച്ചത് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Eng/1130/SSUS/2020)

റിപ്പോർട്ട് ശ്രദ്ധിച്ചു

## Item No. 30

സർവകലാശാല മുഖ്യകേന്ദ്രത്തിലെ അക്കാദമിക് ബ്ലോക്ക് II, യൂട്ടിലിറ്റി കെട്ടിടം എന്നിവിടങ്ങളിൽ ഓരോ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയിൽ വന്ന തെറ്റ് തിരുത്തിയത് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Eng/9256/SSUS/2022)

റിപ്പോർട്ട് ശ്രദ്ധിച്ചു

## Item No. 31

സംസ്കൃത വ്യാകരണ വിഭാഗത്തിലെ ക്ലാസ്സ് റൂമുകൾ, സ്റ്റാഫ് റൂം, വരാന്ത എന്നിവിടങ്ങളിലെ സീലിംഗ് പെയിന്റ് ഇളകി താഴേയ്ക്ക് വീഴുന്നത് പരിഹരിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (No. Eng/151/SSUS/2019)

സംസ്കൃത വ്യാകരണ വിഭാഗത്തിലെ 4 ക്ലാസ്സ് റൂമുകൾ, സ്റ്റാഫ് റൂം, വരാന്ത എന്നിവിടങ്ങളിലെ സീലിംഗ് പെയിന്റ് ഇളകി താഴേയ്ക്ക് വീഴുന്നത് പരിഹരിക്കുന്ന

തിനായി സീലിംഗ് വാട്ടർ പ്രൂഫിങ്ങ് ചെയ്യുന്നതിനായി സമർപ്പിച്ച ജിഎസ്ടി കൂടാതെ 2,46,510/- രൂപയുടെയും ജിഎസ്ടി അടക്കം 2,91,000/- രൂപയുടെയും എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകാനും വാട്ടർ പ്രൂഫിങ്ങ് മേഖലയിൽ പ്രാവീണ്യം ഉള്ളവരിൽ നിന്നും താത്പര്യപത്രങ്ങൾ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകാനും തീരുമാനിച്ചു.

## Item No. 32

ജീർണ്ണാവസ്ഥയിലുള്ളതും ഉപയോഗശൂന്യവുമായ പഴയ ബി.എഫ്.എ ബ്ലോക്ക് പൊളിക്കുന്നത് - സംബന്ധിച്ച്. (No. Eng/3951/SSUS/2023)

ശ്രീശങ്കരാചാര്യ ഫോട്ടോസ്റ്റാറ്റ് പ്രവർത്തിക്കുന്ന ഭാഗം ഒഴികെ പഴയ ബി.എഫ്.എ ബ്ലോക്കിന്റെ ബാക്കി മുഴുവൻ ഭാഗവും ഡിസ്പോസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനിയർ (സിവിൽ) തയ്യാറാക്കിയ 11,61,272/- രൂപയുടെ വാല്യുവേഷൻ റിപ്പോർട്ട് അംഗീകരിക്കാനും ടി കെട്ടിടം Auction Sale മുഖാന്തിരം പൊളിച്ച് മാറ്റുവാനും തീരുമാനിച്ചു.

## Item No. 33

UGC യുടെ Innovative Programme ൽ ഉൾപ്പെടുത്തി Computer Aided Language Teaching എന്ന പി.ജി ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി ലഭിച്ച 19,20,000/- രൂപ വിനിയോഗിക്കാത്തത് - സംബന്ധിച്ച്. (No. 14051/Pl.D/A/SSUS/2010)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 34

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് എന്റർപ്രൈസസ് (ഐ പി ഇ) ഭരണ സമിതിയിലേക്ക് പ്ലേസ്മെന്റ് ഓഫീസറെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്. [No.00164/Pl.D1/SSUS/2022(1)]

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് എന്റർപ്രൈസസ് (ഐ പി ഇ) ഭരണ സമിതിയിൽ പ്ലേസ്മെന്റ് ഓഫീസറായ ഡോ. ഫൈസൽ എൻ.എം. നെ ഉൾപ്പെടുത്താൻ അനുവാദം നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 35

Senior engagement in Writ Appeal No. 411/2022, 364/2022 and 1430/2022 of Hon'ble High Court of Kerala–Ratification–Reg. (No. LGLS/11925/2020/SSUS)

The Syndicate resolved to ratify the action taken by the Vice Chancellor in engaging Sri. K. Gopalakrishna Kurup, Senior Advocate in WA 364/2022 and WA 1430/2022 of the Hon'ble High Court of Kerala and fixing of fee @ Rs. One Lakh per case and payment of Rs. One Lakh on disposal of WA 1430/2022.

## ADDITIONAL AGENDA

## Item No. 1

Award of Ph.D Degree to:

a) Sri. Sabuji C V in Malayalam [No. EA/PhD/757/SSUS/2022(1)]
b) Sri. Naveen K in Sanskrit Vyakarana [No. EA/PhD/756/SSUS/2022(1)]
c) Smt. Mithuna A. in Vedic Studies [No. EA/PhD/766/SSUS/2022(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 16.05.2023, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Sri. Sabuji C V | Faculty of Indian Languages | 17.04.2023 |
| b) | Sri. Naveen K | Faculty of Sanskrit Grammar | 10.04.2023 |
| c) | Smt. Mithuna A | Faculty of Indian Metaphysics | 24.04.2023 |

a) Sri. Sabuji C.V. in Malayalam under the Faculty of Indian Languages for the Ph.D thesis titled "ഫോക്‌ലോർ രൂപങ്ങളും ആകാശവാണിയും: കേരളത്തിലെ ആകാശവാണിനിലയങ്ങൾ പ്രക്ഷേപണം ചെയ്ത നാട്ടറിവു രൂപങ്ങളുടെ സാംസ്കാരിക വിശകലനം" under the guidance of Dr. Asaletha V., Professor (Rtd.), Department of Malayalam, SSUS, Kalady.

b) Sri. Naveen K. in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **"bhaṭṭikāvye - tiṅantakāṇḍe lakāraprakriyāsu paribhāṣāṇām laukikanyāyānāṃ ca pravṛttivicārah"** under the guidance of Dr. C.H. Satyanarayana, Professor, Department of Sanskrit Vyakarana, SSUS, Kalady.

c) Smt. Mithuna A. in Vedic Studies under the Faculty of Indian Metaphysics for the Ph.D thesis titled **"Identity of Vasiṣṭha in Vedic and Post Vedic Literature"** under the guidance of Dr. P.K. Dharmarajan, Professor (Rtd.), Department of Sanskrit Sahitya.

## Item No. 2

അക്കാദമിക പുന:സംഘാടനം, യു.ജി / പി.ജി പ്രോഗ്രാമുകളുടെ പുന:ക്രമീകരണം സംബന്ധിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിക്കുന്നത് - സംബന്ധിച്ച്.
(No.9865/Acd.B1/ SSUS/22)

അക്കാദമിക പുന:സംഘാടനം, യു.ജി / പി.ജി പ്രോഗ്രാമുകളുടെ പുന:ക്രമീകരണം എന്നിവ സംബന്ധിച്ച് അക്കാദമിക് & റിസർച്ച്, സ്റ്റുഡന്റ്സ് വെൽഫെയർ, സ്റ്റാഫ് & ലീഗൽ സംയുക്ത സമിതികളുടെ റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പഠിച്ച് അടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ പുന:ക്രമീകരണത്തിനുള്ള കൃത്യമായ അന്തിമ ശിപാർശകൾ സമർപ്പിക്കുന്നതിന് പ്രൊഫ. ഡി. സലിംകുമാർ (കൺവീനർ), ഡോ. ശിവദാസൻ പി, ഡോ. സി.എം. മനോജ്കുമാർ,

ഡോ. പി.വി. രാമൻകുട്ടി, അഡ്വ. കെ. പ്രേംകുമാർ MLA, ശ്രീ. എൻ. ആദിൽ എന്നിവരടങ്ങുന്ന കമ്മറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. 23.05.2023 ന് സിൻഡിക്കേറ്റ് യോഗം ചേരാനും തീരുമാനിച്ചു.

## Item No. 3

2023-2024 അധ്യയന വർഷത്തിൽ തുറവൂർ പ്രാദേശിക കേന്ദ്രത്തിൽ പ്രോഗ്രാമുകൾ തുടരുന്നത് - സംബന്ധിച്ച്. (No. 4484/Acd.B1//SSUS/2023)

റീ സ്ട്രക്ചറിങ്ങ് സംബന്ധിച്ച വിഷയങ്ങൾ പഠിക്കാൻ രൂപീകരിച്ച കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 4

മിനിമം 10 വിദ്യാർത്ഥികൾ ഇല്ലാത്ത കേന്ദ്രങ്ങളിലെ കുട്ടികൾക്ക് സ്റ്റുഡന്റ്ഷിപ്പ് കൊടുത്ത് അവരെ മറ്റു കേന്ദ്രങ്ങളിലേക്ക് മാറ്റുന്നത് -സംബന്ധിച്ച്. (No.00266/Acd.B2/SSUS/ 2022(1))

റീ സ്ട്രക്ചറിങ്ങ് സംബന്ധിച്ച വിഷയങ്ങൾ പഠിക്കാൻ രൂപീകരിച്ച കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No.5

ഫിലോസഫി വിഭാഗത്തിന്റെ കീഴിൽ നടത്തുന്ന Techno-Philosophy എന്ന സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ ഫീസ് ഘടന അംഗീകരിക്കുന്നത്-സംബന്ധിച്ച്. (No.16976/Acd.B1/SSUS/2022)

സർവകലാശാലയ്ക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെ ഫിലോസഫി വിഭാഗത്തിലെ നിലവിലുള്ള അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി കോഴ്സ് നടത്താനാവുമെങ്കിൽ അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 6

2022-23 വർഷത്തിൽ സെമിനാറിനായി സമർപ്പിച്ച അപേക്ഷ നിരസിച്ച നടപടി പുന:പരി ശോധിക്കുന്നത് - സംബന്ധിച്ച്. (No. Acd.C1/7185/SSUS/2022)

12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. പി.എച്ച്. ഇബ്രാഹിംകുട്ടി സെമിനാറിനായി സമർപ്പിച്ച അപേക്ഷ അടുത്ത അക്കാദമിക വർഷം പരിഗണിക്കാൻ തീരുമാനിച്ചു. അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ (ജൂൺ 30 നകം) സെമിനാറുകൾക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിക്കാനും തീരുമാനിച്ചു.

## Item No. 7

ഭിന്നലിംഗ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - സംബന്ധിച്ച്. (No. Acd.A1/2555/SSUS/2017)

12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഭിന്നലിംഗ വിദ്യാർത്ഥികൾക്ക് തൽക്കാലം കൂടുതൽ ഇളവുകൾ നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.

## Item No. 8

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നൽകുന്നത് - സംബന്ധിച്ച്. [No. 00642/ Acd.C2/SSUS/2022(1)]

40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവർക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെയോ, ഭിന്നശേഷിക്കാരുടെ യുണീക് ഐഡി (UDID) യുടെയോ അടിസ്ഥാനത്തിൽ ട്യൂഷൻ ഫീസിന്റെ 50 % ഇളവ് നൽകാൻ തീരുമാനിച്ചു.

## Item No. 9

ചോദ്യക്കടലാസ് പ്രിന്റർക്ക് പ്രതിഫലം നൽകുന്നത് - സംബന്ധിച്ച്. (No. EA/21/SSUS/2020)

12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2022 ഒക്ടോബർ മാസത്തിൽ നടത്തിയ സർവകലാശാല സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ അച്ചടിച്ച വകയിൽ 5,45,157/- രൂപ അനുവദിക്കാനും അതിൽ നിന്നും 2% ജിഎസ്ടി, ടിഡിഎസ് എന്നിവ പിടിച്ചുകൊണ്ട് ബാക്കി വരുന്ന തുകയായ 5,27,369/- രൂപ കോൺഫിഡൻഷ്യൽ പ്രിന്റർക്ക് അനുവദിക്കാനും തീരുമാനിച്ചു.

## Item No. 10

പരീക്ഷാ വിഭാഗം ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് ബാക്കി തുക നൽകുന്നത് - സംബന്ധിച്ച്. (No. DR (Exams) 878/SSUS/2009 (Volume III)

08.12.2022 ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം സി-ഡിറ്റ് അധികാരികളുമായി ചർച്ച ചെയ്തതിനു ശേഷം പ്രസ്തുത വിഷയം സ്റ്റാഫ് & ലീഗൽ, ഫിനാൻസ് എന്നീ സ്ഥിരം സമിതികളുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 11

പി.എഫ് നിക്ഷേപം - 2023 ജനുവരി 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ പലിശമാറ്റം വരുത്തുന്നത്-സംബന്ധിച്ച്. (No. Bill A/5408/Rate of interest/ SSUS PF/ 2020)

12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 01.01.2023 മുതൽ 31.03.2023 വരെ സർവകലാശാല ഭവിഷ്യനിധി അക്കൗണ്ടിലുള്ള ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള 01.02.2023 ലെ സ.ഉ (അച്ചടി) നമ്പർ 779/2022/ധന നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്തിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 12

2018-19 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനുള്ള ഓഡിറ്റ് ചാർജ് ഒടുക്കിയതിനുള്ള സാധൂകരണം - സംബന്ധിച്ച്. (No. 3316/L.F.A/2002-2003)

12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2018-19 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനുള്ള ഓഡിറ്റ് ചാർജായ 3,25,877/- രൂപ ഒടുക്കുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 13

Approval of MOA and AOA of the Proposed Sec 8 Company in Sree Sankaracharya University of Sanskrit, Kalady – Reg. (No. Sec.8 Company/FO/7859/SSUS/2022)

Since the Standing Counsel has opined that there are no legal impediments for the University to start a company under Section 8 of the Companies Act subject to the stipulation in Section 8 of the Companies Act, the Syndicate resolved to start Section 8 Company under the Companies Act 2013, and to approve the draft MOA and AOA of the Proposed Sec 8 Company in Sree Sankaracharya University of Sanskrit, Kalady.

## Item No. 14

സർവകലാശാലയിലെ യു.ജി ലേഡീസ് ഹോസ്റ്റൽ, ഫൈൻ ആർട്ട്സ് ബ്ലോക്ക് II എന്നിവിടങ്ങളിലെ നെറ്റ് വർക്കിംഗ് പ്രവൃത്തികൾ - സംബന്ധിച്ച്. (No.Eng/1240/ SSUS/2022)

08.12.2022, 14.03.2023 ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റിയുടെയും 09.05.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങളോടെ പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) DSR 2018 പ്രകാരം തയ്യാറാക്കിയ

ജിഎസ്ടി കൂടാതെ 28,91,000/- രൂപയുടെയും ജിഎസ്ടി സഹിതം 34,11,000/- രൂപയുടെയും എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകാനും സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്താനും ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകാനും തീരുമാനിച്ചു.

1. നെറ്റ് വർക്കിംഗിനായി നെറ്റ് വർക്ക് സ്വിച്ചുകൾ ഇ-ടെണ്ടർ വഴി വാങ്ങുമ്പോൾ Pre Bid Meeting നടത്തുക.
2. Biders ന് queries ഉന്നയിക്കാനും അവയ്ക്ക് മറുപടി നൽകുവാനും കുറഞ്ഞത് ഒരാഴ്ച സമയം നൽകേണ്ടതാണ്.
3. ലഭിച്ച Queries വീണ്ടും ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് ഇവയുടെ സ്വീകാര്യത പരിശോധിയ്ക്കേണ്ടതാണ്.
4. എറണാകുളം ജില്ലയിൽ സർവ്വീസ് സെന്ററുള്ള, Campus Networking ചെയ്ത് പരിചയമുള്ള സ്ഥാപനത്തെ തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
5. Fibre connectivity cable ന്റെ length കൃത്യമാണോ എന്ന് പരിശോധിക്കേണ്ടതാണ്.
6. Networking സർട്ടിഫൈ ചെയ്യേണ്ടതാണ്.
7. ടെക്നിക്കൽ ഇവാല്യുവേഷന് ശേഷം മാത്രം പേയ്മെന്റ് നടത്തുക. ഐടി മിഷന്റെ ഡിസ്ട്രിക്ട് പ്രൊജക്ട് മാനേജരുടെ സേവനം Technical Evaluation Process ൽ ലഭ്യമാക്കാമെന്ന് ഐടി മിഷൻ പ്രതിനിധി അറിയിച്ചതിനാൽ അദ്ദേഹത്തെ അതിനായി നിയോഗിക്കുക.

## Item No. 15

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ നിർമ്മാണം - റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. Eng/16422/SSUS/2017)

12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 5,24,18,875/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ്

തുകയും അതുപ്രകാരമുള്ള അന്തിമ ബിൽ മൂല്യമായ 4,73,83,911/- രൂപയും അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 16

പന്മന പ്രാദേശിക കേന്ദ്രത്തിൽ നിർവ്വഹിക്കേണ്ട വിവിധ പ്രവൃത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നത്- സംബന്ധിച്ച്. (No.Eng/1533/SSUS/2023)

12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് പന്മന പ്രാദേശിക കേന്ദ്രത്തിൽ നിർവ്വഹിക്കേണ്ട വിവിധ പ്രവൃത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള ജിഎസ്ടി ഇല്ലാതെയുള്ള 2,87,303/- രൂപയുടെയും ജിഎസ്ടി സഹിതം 3,39,017/- രൂപയുടെയും എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകാനും ടി തുക പന്മന പ്രാദേശിക കേന്ദ്രം ഡയറക്ടർക്ക് മുൻകൂറായി അനുവദിക്കാനും പി.ടി.എ യെ Beneficiary Committee യായി നിയോഗിച്ചുകൊണ്ട് പ്രവൃത്തി നിർവ്വഹിക്കുന്നതിന് അനുമതി നൽകാനും തീരുമാനിച്ചു.

## Item No. 17

പ്രിയംവദ ഹോസ്റ്റലിലെ ഒന്നാം നിലയിലെ റൂഫിങ്ങ് ഷീറ്റ് മാറ്റി പുതിയവ സ്ഥാപിക്കുന്നതും അനുബന്ധ അറ്റകുറ്റപ്പണികളും - സംബന്ധിച്ച്. (No. Eng/12131/SSUS/2021)

12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാല പ്രിയംവദ ഹോസ്റ്റലിലെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. പഴക്കം വന്ന റൂഫിങ്ങ് ഷീറ്റും സ്ട്രക്ച്ചറും മാറ്റി നടുമുറ്റം കൂടി ഉൾപ്പെടുന്ന രീതിയിൽ പുതുതായി ഷീറ്റ് വിരിക്കൽ, False Ceiling ചെയ്യൽ, നടുമുറ്റത്ത് ടൈൽ വിരിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി തയ്യാറാക്കിയിരിക്കുന്ന ജിഎസ്ടി കൂടാതെയുള്ള 41,45,070/- രൂപയുടെയും ജിഎസ്ടി അടക്കമുള്ള 49,00,000/- രൂപയുടെയും എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുക.

2. സാങ്കേതികാനുമതി നൽകുന്നതിനായി സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുക.
3. ഇ-ദർഘാസ് ക്ഷണിച്ച് പ്രവർത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകുക.

## Item No. 18

സർവകലാശാലയിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ഫ്ലൂറസന്റ് ട്യൂബ് ലൈറ്റുകൾ ഘട്ടം ഘട്ടമായി LED ട്യൂബ് ലൈറ്റുകളാക്കുന്നതും സാധാരണ ഫാനുകൾ BLDC ഫാനുകളാ ക്കുന്നതും പഴയ എയർ കണ്ടീഷനറുകൾക്ക് പകരം Five Star rating ഉള്ള പുതിയ എയർ കണ്ടീഷനറുകൾ മാറ്റി സ്ഥാപിക്കുന്നതും - സംബന്ധിച്ച്. (No. Est3/6977/SSUS/2020)

09.03.2023 ലെ ടെക്നിക്കൽ കമ്മിറ്റിയുടെയും 09.05.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 12.05.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. വൈദ്യുതി ഉപഭോഗം കൂടിയ ഫ്ലൂറസന്റ് ട്യൂബുകളും സാധാരണ ഫാനുകളും കേടാകുന്ന മുറയ്ക്ക് മാറ്റി പുതിയവ സ്ഥാപിക്കുക.

2. നിലവിൽ ഉപയോഗയോഗ്യമല്ലാത്ത 14 വർഷത്തോളം പഴക്കമുള്ള എയർ കണ്ടീഷനറുകൾ (ലൈബ്രറി വെബ് സെന്റർ - 1, എക്സാം ഡിജിറ്റലൈസേഷൻ ലാബ് - 2), മാറ്റി പകരം Five Star Rating ഉള്ള പുതിയ എയർകണ്ടീഷനറുകൾ സ്ഥാപിക്കുക. പ്രസ്തുത സ്ഥലങ്ങളിലെ മറ്റ് രണ്ട് എയർകണ്ടീഷനറുകൾ കാലപ്പഴക്കം മൂലം efficiency കുറവാണെന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് പകരം പുതിയവ വാങ്ങി സ്ഥാപിക്കുക. പ്രസ്തുത 5 എയർകണ്ടീഷനറുകളും ബൈബാക്ക് വ്യവസ്ഥയിൽ വാങ്ങുക.

3. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തയ്യാറാക്കി സമർപ്പിച്ച 9,60,000/- രൂപയുടെ എസ്റ്റിമേറ്റും സ്പെസിഫിക്കേഷനും അംഗീകരിക്കുക.

## Item No. 19

സർവകലാശാലയിലെ ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള വിവിധ സാമഗ്രികൾക്കായി AMC കരാറിൽ ഏർപ്പെടുന്നതിന് തിരുവനന്തപുരത്തുള്ള M/s Fi Tech Power Solutions Pvt Ltd, സമർപ്പിച്ച, ആദ്യ വർഷത്തേക്ക് ₹ 5,98,260/- യും രണ്ടാം വർഷത്തേക്ക് ₹ 6,28,173/- യും മൂന്നാം വർഷ ത്തേക്ക് ₹ 6,58,086/- യും AMC തുകയായി ഉൾപ്പെടുത്തിയ പ്രൊപ്പോസലിന് സിൻഡിക്കേറ്റിന്റെ അംഗീകാരം ലഭിക്കുന്നത് - സംബന്ധിച്ച്. (No. Est3/4184/SSUS/2022)

ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയോടെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയിൽ പ്രസ്തുത വിഷയം പുന:സമർപ്പിക്കാൻ നിർദ്ദേശിച്ചു.

## Item No. 20

18.07.2022 ലെ ഹൈക്കോടതി വിധി WP(C)13018/2014 പ്രകാരം മലയാളം വകുപ്പ് പ്രൊഫസർ ഡോ. ഷാജി ജേക്കബ്-ന് എതിരെയുള്ള ശിക്ഷാനടപടി - സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളണമോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. 2167/Ad.A3/SSUS/2016)

വിഷയം ഐ.സി.സി യുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 21

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നാളിതുവരെ അവസരം വിനിയോഗിക്കാത്ത 01.01.2010 വരെ രജിസ്റ്റർ ചെയ്ത ഗവേഷണ കാലാവധി അവസാനിച്ച ഗവേഷകരുടെ പ്രബന്ധ സമർപ്പണം - സംബന്ധിച്ച്. (No. Acd.A1/6023/SSUS/2010)

അക്കാദമിക് & റിസർച്ച്, ഫിനാൻസ് എന്നീ സ്ഥിരം സമിതികളുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 22

ശ്രീ. സതീഷ് കുമാർ കെ.എ. - സസ്പെൻഷൻ - അന്വേഷണ സമിതി സമർപ്പിച്ച അന്തിമ റിപ്പോർട്ട് - തുടർനടപടി തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/2932/SSUS/2019)

ശ്രീ. സതീഷ് കുമാർ കെ.എ. യെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തത് അന്വേഷണം നടത്തിയ സമിതി സമർപ്പിച്ച അന്തിമ റിപ്പോർട്ട് അംഗീകരിക്കാൻ തീരുമാനിച്ചു. അന്വേഷണ റിപ്പോർട്ടിലെ ഒന്നാമത്തെ ഐറ്റം വീണ്ടും അന്വേഷിക്കുന്നതിനായി പ്രസ്തുത കമ്മിറ്റിയെ തന്നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ശ്രീ. സതീഷ് കുമാർ കെ.എ. യ്ക്ക് റിപ്പോർട്ടിന്റെ പകർപ്പും ഷോക്കോസ് നോട്ടീസും നൽകുവാനും അതിന്റെ മറുപടി സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 23

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ - കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച മറുപടി പരിശോധിച്ച് നടപടി കൈക്കൊള്ളണമോയെന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

കാരണം കാണിക്കൽ നോട്ടീസിന് ഡോ. കെ.സി. അതാവുള്ളഖാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലെന്ന് സിൻഡിക്കേറ്റ് നിരീക്ഷിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ശിക്ഷിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അത് ബോധിപ്പിക്കാൻ ഡോ. കെ.സി. അതാവുള്ളഖാന് നോട്ടീസ് നൽകാൻ തീരുമാനിച്ചു. കൂടാതെ ഡോ. കെ.സി. അതാവുള്ളഖാന്റെ സസ്പെൻഷൻ 3 മാസത്തേക്ക് കൂടി നീട്ടാനും തീരുമാനിച്ചു.

## Item No. 24

മലയാളം വകുപ്പ് അഡ്ജൻക്ട് ഫാക്കൽറ്റിയായി ഡോ. കെ.വി. ദിലീപ് കുമാർ (റിട്ടയേർഡ് പ്രൊഫസർ, മലയാളം വകുപ്പ്) നെ നിയമിക്കണമെന്ന വിദഗ്ധ സമിതിയുടെ ശിപാർശ പരിഗണിക്കണമോയെന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. Ad.A2/937/SSUS/2023)

അഡ്ജൻക്ട് ഫാക്കൽറ്റി നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാലടി മുഖ്യ കേന്ദ്രത്തിൽ മലയാളം വകുപ്പ് അഡ്ജൻക്ട് ഫാക്കൽറ്റിയായി ഡോ. കെ.വി. ദിലീപ് കുമാർ (റിട്ടയേർഡ് പ്രൊഫസർ, മലയാളം വകുപ്പ്) നെ നിയമിക്കാൻ തീരുമാനിച്ചു.

## Item No. 25

സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സർവകലാശാല അനദ്ധ്യാപക ജീവനക്കാരുടെ പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. (No. Ad.B/1449/SSUS/2023)

സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 26

Placement of teachers to the Post of Assistant Professor with higher AGP in the Department of Sanskrit Vedanta – reg. (No. Ad.D/3449/ CAS-Skt-Vedanta/ SSUS/2023)

The Syndicate resolved to approve the recommendations of the Screening cum Evaluation Committee held on 26.04.2023 for the placement of Dr. K.P. Vijayalekshmi to Assistant Professor with AGP 8000 w.e.f. 23.06.2020 and Dr. Nishad T.S to Assistant Professor with AGP 7000 w.e.f. 22.12.2017 in the Department of Sanskrit Vedanta under Career Advancement Scheme, as per the UGC Regulations, 2010.

## Item No. 27

സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി - അഷ്ടാദശി പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച പ്രോപ്പോസലുകളുടെ അനുവദിച്ച തുക ലഭിക്കുന്നതിനായി സെൻട്രൽ സാൻ സ്ക്രിറ്റ് യൂണിവേഴ്സിറ്റിയിലേക്ക് സമർപ്പിച്ച ബോണ്ടിൽ ബഹു. വൈസ്ചാൻസലർ ഒപ്പ് വച്ച സ്പെസിമെന്റ് ഓഫ് റെസലൂഷൻ - സിൻഡി ക്കേറ്റ് സാധൂകരണം - സംബന്ധിച്ച്. (No. S.T.R/3229/Ashtaadashi-VI/SSUS/23)

റിപ്പോർട്ട് ശ്രദ്ധിച്ചു. കൂടാതെ സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി - അഷ്ടാദശി പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച പ്രോപ്പോസലുകളുടെ അനുവദിച്ച തുക ലഭിക്കുന്നതിനായി സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റിയിലേക്ക് സമർപ്പിച്ച ബോണ്ടിൽ Specimen of Resolution ബഹു. വൈസ്ചാൻസലർ ഒപ്പ് വച്ചത് സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 28

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതികളും ബജറ്റും ഉൾപ്പെടെയുള്ള തീരുമാനങ്ങൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. ISSS/6536/SSUS/2017)

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും 2023-24 സാമ്പത്തിക വർഷത്തെ കർമ്മപദ്ധതികളും ബജറ്റും ഉൾപ്പെടെയുള്ള 18.04.2023 ൽ കൂടിയ ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ ഗവേണിങ് കൗൺസിലിന്റെയും അക്കാദമിക് കമ്മിറ്റിയുടെയും സംയുക്ത യോഗത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു. കൂടാതെ ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രം ശങ്കരജയന്തി യോടനുബന്ധിച്ച് 25.04.2023 ന് ഓൺലൈൻ മുഖാന്തിരം ശ്രീ ശങ്കരജയന്തി വാർഷിക പ്രഭാഷണം നടത്തുന്നതിന് Dr. Sthaneshwar Timalsina, Professor, Regional Studies San Diego State University USA എന്ന റിസോഴ്സ് പേഴ്സന് നൽകുന്നതിനായി 3,000/- രൂപ പഠന കേന്ദ്രത്തിന്റെ അക്കൗണ്ടിൽ (Account No. 720802010000140) നിന്നും വിനിയോഗിക്കാൻ അനുമതി നൽകിയത് സാധൂകരിക്കാനും തീരുമാനിച്ചു.

## Item No. 29

ഗ്ലോബൽ ഫോറം ഫോർ യംഗ് ഫിലോസഫേഴ്സിന്റെ ആനുവൽ കോൺഫറൻസ് നടത്തുന്നതിനായി ഒരു ലക്ഷം രൂപയുടെ സാമ്പത്തികസഹായത്തിന്റെ പ്രൊപ്പോസൽ ഇൻഡ്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ചിലേക്ക് അയക്കുന്നതിനും സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ ടി തുക സർവകലാശാലയുടെ ജനറൽ ഫണ്ടിലേക്ക് സ്വീകരിക്കണമോ എന്നതിനെ - സംബന്ധിച്ച്. (No. ISSS/1203/SSUS/2023)

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ അക്കൗണ്ടിലേക്ക് സാമ്പത്തിക സഹായം സ്വീകരിക്കാനും ഇക്കാര്യത്തിൽ ചാർട്ടേഡ് അക്കൗണ്ടിന്റെ എക്സ്റ്റേണൽ ഓഡിറ്റ് മാത്രം മതിയെന്നും തീരുമാനിച്ചു. സാമ്പത്തിക സഹായത്തിനുള്ള പ്രൊപ്പോസൽ ഇൻഡ്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച് (ICPR) ലേക്ക് അയച്ച നൽകാനും തീരുമാനിച്ചു. ഡിപ്പാർട്ടുമെന്റുകൾ, വ്യക്തികൾ എന്നിവർക്ക് എക്സ്റ്റേണൽ ഫണ്ട് സ്വീകരിക്കുന്ന കാര്യത്തിൽ കേരളത്തിലെ മറ്റ് സർവകലാശാലകൾ അനുവർത്തിക്കുന്ന രീതികൾ പരിശോധിച്ച് സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 30

Summary Civil Case No. CS SCJ 2735/22 of CCJ-CUM-ARC (Central) TIS HAZARI COURTS, DELHI – Engagement of Adv. Keith Varghese – Ratification of the Syndicate – Reg. (No. LGLS/3119/SSUS/2023)

The Syndicate resolved to ratify the action taken by the Vice Chnacellor in having engaged Adv. Keith Varghese in Civil Case No. CS SCJ 2735/22 of CCJ-CUM-ARC (Central) Tis Hazari Courts, Delhi, in fixing his fee structure and release of part payment of 30,000/-.

## Item No. 31

ചിത്രകലാവിഭാഗത്തിലും സ്വാമി വിവേകാനന്ദ ചെയറിലും Distinguished Lecture Programme നടത്തിയത് - സംബന്ധിച്ച്. (No. Acd.C1/1970/SSUS/2023)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 32

സർവകലാശാലകളിൽ സ്റ്റാറ്റ്യൂട്ടറി മാക്സിമം പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം നടത്തുന്നത് - സംബന്ധിച്ച്. [No. 01551/Acd.B2/SSUS/2023(1)]

സംസ്ഥാനത്തെ മുഴുവൻ സർക്കാർ / എയ്ഡഡ് കോളേജുകളിലും ഉള്ള എയ്ഡഡ് കോഴ്സുകളിൽ സ്റ്റാറ്റ്യൂട്ടറി മാക്സിമം പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം നടത്തണമെന്ന 02.05.2023 ലെ സ.ഉ.(കൈ) നം. 228/2023/HEDN നമ്പർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

## Item No. 33

സർവകലാശാലയിലെ വിവർത്തന പഠന കേന്ദ്രം മറ്റ് പഠന വിഭാഗങ്ങൾക്കായി നടത്തുന്ന എം.എ ഇലക്ടീവ് കോഴ്സുകൾ (4 എണ്ണം) അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി അംഗീകരിക്കുന്നത് - സിൻഡിക്കേറ്റിന്റെ ശുപാർശയ്ക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Acd.B1/3723/SSUS/2009)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 34

കാലിക്കറ്റ് യൂണിവേഴ്സിറ്റി EMMRC യിൽ ഇന്റേൺഷിപ്പ് ചെയ്യുന്നത് - സംബന്ധിച്ച്. (No. Acd.A2/4752/SSUS/2023)

ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി രണ്ട് പേരെ ഇന്റേൺഷിപ്പിന് 50000/- രൂപ വച്ച് മാസവേതനം നൽകി നിയോഗിക്കാൻ തീരുമാനിച്ചു.

## Item No. 35

കേരള ആരോഗ്യ സർവകലാശാലയുമായി അക്കാദമിക മേഖലയിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പിട്ടത് സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. 4063/Acd.B1/SSUS/2022)

കേരള ആരോഗ്യ സർവകലാശാലയുമായി അക്കാദമിക മേഖലയിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പിട്ടത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 36

2023-2024 വർഷം മുതൽ സംസ്ഥാനത്ത് എല്ലാ സർക്കാർ / എയ്ഡഡ് കോളേജുകളിലും ഉള്ള ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഭിന്നശേഷിക്കാർക്ക് അധിക സീറ്റുകൾ അനുവദിക്കുന്നത് - സംബന്ധിച്ച്.
[No. 01552/Acd.B2/SSUS/2023(1)]

2023-2024 വർഷം മുതൽ സംസ്ഥാനത്ത് എല്ലാ സർക്കാർ / എയ്ഡഡ് കോളേജു കളിലും ഉള്ള ബിരുദ കോഴ്സുകളിൽ പരമാവധി 3 സീറ്റുകളും, ബിരുദാനന്തര

ബിരുദ കോഴ്സുകളിൽ ഒരു സീറ്റും, Autism, Intellectual Disability, Specific Learning Disability, Mental Illness എന്നീ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിലവിലെ അഡ്മിഷൻ പരിധിക്കു മുകളിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാതെ അനുവദിക്കുന്നതിനും പ്രസ്തുത സീറ്റിലേക്ക് ഈ വിഭാഗത്തിൽ പെട്ടവരെ ഒറ്റ യൂണിറ്റായി പരിഗണിച്ചു കൊണ്ട് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നൽകുന്നതും സംബന്ധിച്ചുള്ള 02.05.2023 തീയതിയിലെ സ.ഉ. (കൈ) നം. 229/2023/HEDN നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചു.

## Item No. 37

MSW 2021-23 ബാച്ച് വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ നീട്ടുന്നത് - സംബന്ധിച്ച്. [No. 01421/Acd.B1/SSUS/2023(1)]

2021-23 ബാച്ച് MSW പ്രോഗ്രാമിന്റെ ക്ലാസ്സുകൾ നീട്ടുന്നതിനായി സോഷ്യൽ വർക്ക് മേധാവി സമർപ്പിച്ച സമയക്രമം (പുതിയ അധ്യയന വർഷത്തിൽ പ്രവേശിച്ച വിദ്യാർത്ഥികളുടെ ക്ലാസ്സുകളെ ബാധിക്കാത്ത വിധത്തിൽ) അംഗീകരിക്കാൻ തീരുമാനിച്ചു.

## OUT OF AGENDA

## Item No. 1

ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വിവിധ സിൻഡിക്കേറ്റ് ഉപസമിതികൾ പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചു.

I. **സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതി**

| | | |
|---|---|---|
| a) അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ | - | കൺവീനർ |
| b) പ്രൊഫ. ഡി. സലിംകുമാർ | - | അംഗം |
| c) പ്രൊഫ. എസ്. മോഹൻദാസ് | - | അംഗം |
| d) ഡോ. സി. എം മനോജ് കുമാർ | - | അംഗം |
| e) ഡോ. ശിവദാസൻ പി | - | അംഗം |

II. **ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതി**

| | | | |
|---|---|---|---|
| a) | പ്രൊഫ. ഡി. സലിംകുമാർ | - | കൺവീനർ |
| b) | അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ | - | അംഗം |
| c) | പ്രൊഫ. എസ്. മോഹൻദാസ് | - | അംഗം |
| d) | ഡോ. ശിവദാസൻ പി | - | അംഗം |
| e) | ഡോ. പി.വി. രാമൻകുട്ടി | - | അംഗം |

III. **വർക്സ് & പർച്ചേയ്സ് സ്ഥിരം സമിതി**

| | | | |
|---|---|---|---|
| a) | ഡോ. ശിവദാസൻ പി | - | കൺവീനർ |
| b) | പ്രൊഫ. ഡി. സലിംകുമാർ | - | അംഗം |
| c) | പ്രൊഫ. എസ്. മോഹൻദാസ് | - | അംഗം |
| d) | ഡോ. ആർ. ശശിധരൻ | - | അംഗം |
| e) | ഡോ. സി. എം മനോജ് കുമാർ | - | അംഗം |

IV. **അക്കാദമിക് & റിസർച്ച് സ്ഥിരം സമിതി**

| | | | |
|---|---|---|---|
| a) | ഡോ. ബിച്ചു എക്സ് മലയിൽ | - | കൺവീനർ |
| b) | ഡോ. പി.വി. രാമൻകുട്ടി | - | അംഗം |
| c) | ഡോ. കെ.എം. അനിൽ | - | അംഗം |
| d) | ഡോ. ബീന ഐസക് | - | അംഗം |
| e) | പ്രൊഫ. തോമസ് കെ ജോബ് | - | അംഗം |

V. **പരീക്ഷാ സ്ഥിരം സമിതി**

| | | | |
|---|---|---|---|
| a) | ഡോ. ആർ. ശശിധരൻ | - | കൺവീനർ |
| b) | പ്രൊഫ. തോമസ് കെ ജോബ് | - | അംഗം |
| c) | ഡോ. പി.വി. രാമൻകുട്ടി | - | അംഗം |
| d) | ഡോ. ബിച്ചു എക്സ് മലയിൽ | - | അംഗം |
| e) | ഡോ. കെ.എം. അനിൽ | - | അംഗം |

VI. **ലൈബ്രറി & പബ്ലിക്കേഷൻ സ്ഥിരം സമിതി**

a) ഡോ. പി.വി. രാമൻകുട്ടി - കൺവീനർ
b) ഡോ. സി. എം മനോജ് കുമാർ - അംഗം
c) ഡോ. ബീന ഐസക് - അംഗം
d) പ്രൊഫ. തോമസ് കെ ജോബ് - അംഗം
e) ഡോ. ആർ. ശശിധരൻ - അംഗം

VII. **സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതി**

a) ഡോ. സി. എം മനോജ് കുമാർ - കൺവീനർ
b) അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ - അംഗം
c) ഡോ. കെ.എം. അനിൽ - അംഗം
d) പ്രൊഫ. ഡി. സലീംകുമാർ - അംഗം
e) ശ്രീ. എൻ. ആദിൽ, വിദ്യാർത്ഥി പ്രതിനിധി - അംഗം

VIII. **പ്ലാനിംഗ് & ഡെവലപ്മെന്റ് സ്ഥിരം സമിതി**

a) പ്രൊഫ. എസ്. മോഹൻദാസ് - കൺവീനർ
b) അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ - അംഗം
c) പ്രൊഫ. തോമസ് കെ ജോബ് - അംഗം
d) ഡോ. ബിച്ചു എക്സ് മലയിൽ - അംഗം
e) ഡോ. ആർ. ശശിധരൻ - അംഗം

യോഗം 5.00 pm ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ** **വൈസ് ചാൻസലർ**